# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ . 5944 28/10/2011 ൽ മറുപടിക്ക്

### പോലീസ് കോൺസ്റ്റബിൾമാരുടെ സീനിയോറിറ്റി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ വി. ശിവൻ കുട്ടി : | ശ്രീ. ഉമ്മൻ ചാണ്ടി . (മുഖ്യമന്ത്രി) |
| ( എ ) പോലീസ് കോൺസ്റ്റബിൾമാരുടെ ജില്ലാ തലത്തിലുള്ള സീനിയോറിറ്റി നിർണ്ണയം നടത്തുന്നത് ജ ി . ഒ . (എം. എസ്.)നം. 125/80/ഹോം തീയതി 26.12.1980, ജ ി.ഒ.(പ ി) ന ം . 33/89/ഹോം തീയതി 10.03.1989 എന്നിവയിൽ ഏത് ഉത്തരവ് പ്രകാരമാണെന്ന് വ്യക്തമാക്കുമോ ; | (എ) കേരള പോലീസ് കോൺസ്റ്റബിൾമാരുടെ ജില്ലാതല സീനിയോറിറ്റി നിർണ്ണയിക്കുന്നത് കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസ് ജനറൽ റൂൾ 27 പ്രകാരമാണ്. 26.12.1980-ലെ സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 125/80/ആഭ്യന്തരം പ്രകാരം ജില്ലാ സായുധ സേനയിലേക്ക് നേരിട്ട് നിയമനം നടന്ന കാലയളവിൽ ബറ്റാലിയനു കളിൽ നിന്ന് ജില്ലാ എ.ആറിലേക്ക് സ്ഥലം മാറ്റം ലഭിച്ചുവന്നവരുടെ സീനിയോറിറ്റി നിർണ്ണയിക്കുന്നതിനാണ് ഉത്തരവായിട്ടുള്ളത്. 10.3.1989-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 33/89/ആഭ്യന്തരം പ്രകാരം ജില്ലാ സായുധ സേനയിലെ നേരിട്ടുള്ള നിയമനം നിർത്തലാക്കിക്കൊണ്ടും ജില്ലാ എ.ആറിലെ ഒഴിവുകൾ ആംഡ് പോലീസ് ബറ്റാലിയനിൽ നിന്നും നികത്തപ്പെടുത്തണം എന്ന് നിജപ്പെടുത്തിക്കൊണ്ടുമുള്ള ഉത്തരവാണ് പുറപ്പെടുവിച്ചിട്ടുള്ളത്. |

| | |
|---|---|
| ( ബി ) 1989 - ലെ ഉത്തരവ് നിലനിൽക്കെ ജി.ഒ.(എം.എസ്.) നം.1 2 5 / 8 0 / ഹോം തീയതി 26.12.1980 പ്രകാരം സീനിയോറിറ്റി നിർണ്ണയം നടത്തുന്നത് സർവ്വീസ് ചട്ടങ്ങളുടെ ലംഘനമാണോ; വ്യക്തമാക്കുമോ ; | (ബി) ഉത്തരം (എ) യുടെ അടിസ്ഥാനത്തിൽ ബാധകമല്ല. |
| ( സി ) പോലീസ് കോൺസ്റ്റബിൾമാരുടെ ജില്ലാ തല സീനിയോറിറ്റി ജി. ഒ. (എം.എസ.്) നമ്പർ.125/80/ഹോം തീയതി 26.12.1980 ഉത്തരവുപ്രകാരം സീനിയോറിറ്റി നിർണ്ണയം നടത്തുന്നത് കേരള ഹൈക്കോടതി ഡബ്ല്യു. പി (സി) ന ം . 17133/2007 തീയതി 12.3.2010 ലെ കോടതി വിധി പ്രകാരം തടയുവാനും നടത്തിയവ തിരുത്താനും ഉത്തരവായത് ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) 12.03.2010-ലെ WP(C) No. 17133/07 നമ്പർ വിധി ന്യായത്തിൽ 10.03.1989-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 33/89/ആഭ്യന്തരം പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിനു ശേഷവും മുൻ ഭേദഗതി ഉത്തരവുകൾ നില നിർത്തണമെന്ന ആവശ്യം നിരാകരിച്ചിട്ടുണ്ട്. |
| ( ഡി ) എങ്കിൽ കോടതി വിധി പ്രകാരം പ്രസ്തുത സീനിയോറിറ്റി പുനർനിർണ്ണയി ക്കാൻ തയ്യാറാകുമോ ? | (ഡി) സീനിയോറിറ്റി പുനർനിർണ്ണയത്തെപ്പറ്റി പ്രസ്തുത വിധി ന്യായത്തിൽ പ്രതിപാദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ